## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1124** **12-06-2024 - ൽ മറുപടിയ്ക്ക്**

**പൈപ്പ് സ്ഥാപിക്കുന്നതിന് കുഴിയെടുത്ത റോഡുകൾ യഥാസമയം പൂർവ്വസ്ഥിതിയിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ മിഷന്റെ ഭാഗമായി പൈപ്പ് സ്ഥാപിക്കുന്നതിന് കുഴിയെടുത്ത റോഡുകൾ യഥാസമയം പൂർവ്വസ്ഥിതിയിലാക്കാത്തത് പരാതികൾക്കിടയാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ജല ജീവൻ മിഷൻ പദ്ധതിക്കുള്ള ഫണ്ടിന്റെ ലഭ്യത റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. എന്നാലും പൈപ്പ് ലൈൻ സ്ഥാപിച്ചാൽ ഉടൻ തന്നെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റോഡുകൾ ഗതാഗത യോഗ്യമാക്കാൻ കർശന നിർദേശം നൽകിയിട്ടുണ്ട്.<br><br><u>പഞ്ചായത്ത് റോഡുകൾ</u><br><br>ജല ജീവൻ മിഷൻ പ്രവൃത്തികളുമായി ബന്ധപെട്ട പഞ്ചായത്ത് റോഡുകൾ താത്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ട എസ്.എൽ.എസ്.എസ്.കളിൽ അനുവദിച്ചി രുന്നുള്ളു. ഈ പ്രവൃത്തികളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താത്കാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. എന്നാൽ പൂർണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിലാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺ ടൈഡ് ഗ്രാന്റ് ഉപയാഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. നാലും അഞ്ചും ഘട്ടങ്ങളിൽ ഭരണാനുമതി നല്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് റോഡ് പുനഃസ്ഥാപനത്തിനു തുക ലഭ്യമായ പ്രവൃത്തികളിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പഞ്ചായത്തുകൾക്ക് റോഡ് പുനഃസ്ഥാപനത്തിനുള്ള തുക അനുവദിക്കുന്നുണ്ട്.<br><br><u>PWD റോഡുകൾ</u><br><br>ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം PWD റോഡുകൾ |

| | | | |
|---|---|---|---|
| | | | പുനഃസ്ഥാപിക്കുന്നതിനുള്ള മുഴുവൻ തുകയും എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>14.09.2023 നു മുൻപ് ദർഘാസ് ക്ഷണിച്ചിട്ടുള്ള ജല ജീവൻ മിഷൻ പ്രവൃത്തികളിൽ റോഡുകളുടെ പുനരുദ്ധാരണം കൂടി പ്രവൃത്തികളുടെ സ്കോപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.. ടി റോഡുകളുടെ പുനരുദ്ധാരണം കേരള വാട്ടർ അതോറിറ്റി കരാറുകാരൻ തന്നെ നിർവഹിക്കുന്നതാണ്.<br><br>14.09.2023 നു ശേഷം ദർഘാസ് ക്ഷണിച്ചിട്ടുള്ള ജല ജീവൻ മിഷൻ പ്രവൃത്തികളിൽ റോഡ് പുനരുദ്ധാരണത്തിനുള്ള തുക ബന്ധപ്പെട്ട റോഡ് ഏജൻസിക്കു ഒടുക്കി അനുമതി ലഭിച്ചതിനു ശേഷമാണു നടപ്പിലാക്കുന്നത്. ടി റോഡുകളിൽ പുനരുദ്ധാരണം ബന്ധപ്പെട്ട റോഡ് ഏജൻസിയാണ് നിർവഹിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ